Malayala Manorama 28.10.17



കാർഷിക സർവകലാശാലയുടെ ഭരണ സിരാകേന്ദ്രത്തിനായി വെള്ളാനിക്കരയിൽ നിർമിച്ച പുതിയ കെട്ടിടം മന്ത്രി വി.എസ്.സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു.

# അച്യുതമേനോൻ സ്മാരക ഗവേഷണ പഠനകേന്ദ്രം ഉദ്ഘാടനം ചെയ്തു

മണ്ണുത്തി • കൃഷിയിടങ്ങളുടെ പുനരുജ്ജീവനത്തിനായി കാർഷിക സർവകലാശാലയും കൃഷിവകുപ്പും ഏകോപനത്തോടെ പ്രവർത്തിക്കണമെന്നു മന്ത്രി വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. കാർഷിക സർവകലാശാലയുടെ ആസ്ഥാന മന്ദിരമായ സി.അച്യുതമേനോൻ സ്മാരക ഗവേഷണ പഠനകേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സർവകലാശാലയുടെ പ്രവർത്തനത്തിൽ സർക്കാർ ഇടപെടുകയില്ലെന്നും എന്നാൽ, സർവകലാശാലയുടെ ഗവേഷണങ്ങൾ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്നതായി ഉറപ്പുവരുത്താൻ സർക്കാർ ശ്രമിക്കുമെന്നും മന്ത്രി പറഞ്ഞു.

പുതുതായി നിർമിക്കുന്ന സ്പോർട്സ് പവിലിയന്റെ ശിലാസ്ഥാപനവും അദ്ദേഹം നിർവഹിച്ചു. കെ.രാജൻ എംഎൽഎ അധ്യക്ഷത വഹിച്ചു. വൈസ് ചാൻസലർ ഡോ. പി.രാജേന്ദ്രൻ, ജനറൽ കൗൺസിൽ അംഗം കെ.വി.വിജയദാസ് എംഎൽഎ, റജിസ്ട്രാർ എസ്.ലീനാകുമാരി, മാടക്കത്തറ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. വിനയൻ എന്നിവർ പ്രസംഗിച്ചു.